"ഭരണഭാഷ- മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424
ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ് ): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

നമ്പർ : സി.എസ്.സി./ മീറ്റിംഗ് മിനിറ്റ്സ്/ 2019-20 / 825 തീയതി : 28.06.2019

## 27.06.2019 ന് ചീഫ് സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ കുടുംബശ്രീ മിഷൻ പ്രതിനിധികളുമായി കൂടിയ യോഗത്തിന്റെ മിനിട്സ്

പങ്കെടുത്തവർ

1. ശ്രീ. ആർ . സുകു, ചീഫ് സേഫ്റ്റി കമ്മിഷണർ , കെ.എസ്.ഇ.ബി.ലിമിറ്റഡ്
2. ശ്രീ. പ്രമോദ് .കെ.വി. , സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ , കുടുംബശ്രീ മിഷൻ
3. ശ്രീ. വിപിൻ .വി.സി., SAPM ,കുടുംബശ്രീ മിഷൻ
4. ശ്രീ.മുഹമ്മദ് ഷാം. ബി.,അസ്സി.എക്സി. എഞ്ചിനീയർ , CSC യുടെ കാര്യാലയം
5. ശ്രീ. ബൈജു.കെ.സി., അസ്സി. എഞ്ചിനീയർ , CSC യുടെ കാര്യാലയം

ചീഫ് സേഫ്റ്റി കമ്മിഷണറുടെ അധ്യക്ഷതയിൽ രാവിലെ 11.00 മണിക്ക് യോഗ നടപടികൾ ആരംഭിച്ചു. പൊതുജനങ്ങൾക്ക് സംഭവിക്കുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.ലിമിറ്റഡും കുടുംബശ്രീ മിഷനും സംയുക്തമായി കൂടുതൽ ഫലപ്രദമായ ബോധവത്കരണ പ്രവർത്തനങ്ങൾ പൊതുജനങ്ങളുടെയിടയിൽ നടത്തുന്നതിനെ സംബന്ധിച്ച് നടന്ന പ്രാരംഭ ചർച്ചയുടെ തുടർച്ചയായാണ് ടി യോഗം ചേർന്നത്.

സമീപ കാലത്ത് പൊതുജനങ്ങൾക്കുണ്ടായ വൈദ്യുത അപകടങ്ങളെക്കുറിച്ച് അധ്യക്ഷൻ വിശദീകരിച്ചു. വൈദ്യുതിയും, വൈദ്യുത ഉപകരണങ്ങളുമായും ബന്ധപ്പെട്ടുള്ള അപകട സാധ്യതകളെക്കുറിച്ചും അപകടമുണ്ടായാൽ കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും പൊതുജനങ്ങൾക്ക് അവശ്യ പരിജ്ഞാനമില്ലാത്തതാണ് ഒട്ടുമിക്ക അപകടങ്ങൾക്കും കാരണം. പൊതുജനങ്ങളെ ടി വിഷയത്തിൽ ബോധവത്കരിക്കുന്നതിലൂടെ ഇങ്ങനെയുണ്ടാകുന്ന അപകടങ്ങൾ വലിയൊരളവിൽ കുറയ്ക്കാനാകുമെന്നും അധ്യക്ഷൻ അഭിപ്രായപ്പെട്ടു.

പൊതുജന ബോധവത്കരണം ഏറെ ഫലപ്രദമായി കുടുംബശ്രീ മിഷൻ വഴി നടത്താൻ സാധിക്കുമെന്നും അതിനുള്ള റിസോഴ്സ് സംവിധാനം കുടുംബശ്രീക്ക് ഉണ്ടെന്നും കുടുംബ ശ്രീ മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അറിയിച്ചു. 2.28 ലക്ഷം അയൽക്കൂട്ടങ്ങൾ വഴി 43 ലക്ഷം കുടുംബങ്ങളിലേയ്ക്ക് സുരക്ഷാ സന്ദേശങ്ങൾ എത്തിക്കാൻ കഴിയുമെന്നും കുടുംബശ്രീ മിഷൻ പ്രതിനിധി അറിയിച്ചു. കുടുംബശ്രീയുടെ 18000 വിജിലന്റ് ഗ്രൂപ്പുകളിലെ 1.21 ലക്ഷം വാളണ്ടിയർമാരെ ഇതിനായി ഉപയോഗപ്പെടുത്താനാകും.

സുരക്ഷാ ബോധവത്കരണ പ്രവർത്തനത്തിന് ആവശ്യമായ ലഘുലേഖകൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് തയ്യാറാക്കി നൽകാമെന്നും ക്ലാസ്സുകൾ എടുക്കുന്നതിനുള്ള പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർ കെ.എസ്.ഇ.ബി യിൽ ഉണ്ടെന്നും അധ്യക്ഷൻ അറിയിച്ചു. കുടുംബശ്രീ പ്രവർത്തകർ വഴി അത് പൊതുജനങ്ങളിൽ എത്തിക്കാനാകുമെന്ന് കുടുംബശ്രീ മിഷൻ പ്രതിനിധിയും അറിയിച്ചു.

മേൽപ്പറഞ്ഞ രീതിയിൽ തുടർച്ചയായി , കാലാകാലങ്ങളിൽ ടി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയാൽ ഏറെ ഫലപ്രദമാകുമെന്നും ഇന്ത്യയിൽത്തന്നെ ഇത്തരം ഒരു പ്രവർത്തനം ആദ്യമായിട്ടാകുമെന്നും യോഗം വിലയിരുത്തി.

എന്നാൽ ടി പ്രവർത്തനത്തിന് ഒരു വാളണ്ടിയറിന് 150/- രൂപ പ്രകാരം ഏകദേശം രണ്ട് കോടിയോളം രൂപ ചെലവ് വരുമെന്ന് കുടുംബശ്രീ മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അറിയിച്ചു. എന്നാൽ ഇത്രയും സാമ്പത്തിക ബാധ്യതയുള്ള സംരഭം ആയതിനാൽ ബോർഡിന്റെ അനുമതി നേടിയ ശേഷം മാത്രമേ ഇതിൽ ഒരു തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ എന്ന് അധ്യക്ഷൻ അറിയിച്ചു.

മൺസൂൺ കാലത്ത് ഏറെ വൈദ്യുത അപകടങ്ങൾ ഉണ്ടാകുന്നു എന്നതിനാൽ അടിയന്തിരമായി കൈക്കൊള്ളാവുന്ന ബോധവത്കരണ പ്രവർത്തനങ്ങൾക്ക് ആദ്യം കുടുംബശ്രീ മിഷന്റെ സഹകരണം അധ്യക്ഷൻ അഭ്യർഥിച്ചു. ഒരു ജീവനെങ്കിലും രക്ഷിക്കാനായാൽ അത്രയും നല്ലതാണ് എന്ന് അധ്യക്ഷൻ അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ സ്പെഷ്യൽ അയൽക്കൂട്ട മീറ്റിംഗുകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഉദ്യോഗസ്ഥർക്ക് ബോധവ്തകരണ ക്ലാസുകൾക്ക് വേണ്ട അവസരവും സഹായവും ഒരുക്കുന്നതിന് കുടുംബശ്രീ മിഷന്റെ ഹെഡ് ഓഫീസിൽ നിന്നും CDS കൾക്ക് അറിയിപ്പ് നൽകാമെന്ന് കുടുംബശ്രീ മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അറിയിച്ചു.

ഈ വർഷം നവംബർ ഡിസംബർ മാസങ്ങളിലായി എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും പരിശീലനത്തിനായി കുടുംബശ്രീ സ്കൂൾ എന്ന പദ്ധതിയുണ്ടെന്നും അതിന് വേണ്ടി ഒരു പാഠപുസ്തകം തയ്യാറാക്കുമ്പോൾ സുരക്ഷ അതിൽ ഒരു പാഠമായി ഉൾപ്പെടുത്താൻ സാധിക്കുമെന്ന് കുടുംബശ്രീ മിഷൻ പ്രതിനിധി അറിയിച്ചു. എന്നാൽ അതിന് വേണ്ടിവരുന്ന ചെലവിന്റെ ഒരു ഭാഗം കെ.എസ്.ഇ.ബി. വഹിക്കേണ്ടിവരുമെന്നും അദ്ദേഹം അറിയിച്ചു. ഇക്കാര്യം പരിഗണിക്കാമെന്ന് അധ്യക്ഷൻ അറിയിച്ചു.

പൊതുജനങ്ങൾക്ക് സംഭവിക്കുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ടുള്ള ബോധവത്കരണ പരിപാടികളെ സംബന്ധിച്ച് വിശദമായ ഒരു പ്രൊപ്പോസൽ ഉടൻതന്നെ സമർപ്പിക്കാമെന്ന് കുടുംബശ്രീ മിഷൻ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ അറിയിച്ചു. അങ്ങനെയൊരു പ്രൊപ്പോസൽ ലഭിച്ചാൽ എത്രയും വേഗം ഈ പദ്ധതിക്കുള്ള ബോർഡ് അനുമതിക്ക് വേണ്ട നടപടികൾ കൈക്കൊള്ളാമെന്ന് അധ്യക്ഷൻ അറിയിച്ചു.

<u>യോഗ തീരുമാനങ്ങൾ</u>

1. ഈ മഴക്കാലത്ത് വൈദ്യുത അപകടങ്ങൾ ഒഴിവാക്കാൻ അയൽക്കൂട്ട മീറ്റിംഗുകളിൽ പൊതുജന ബോധവ്തകരണ ക്ലാസ്സുകൾ നടത്തുന്നതിന് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് വേണ്ട സഹായമൊരുക്കാൻ നിർദ്ദേശിച്ചുകൊണ്ട് കുടുംബശ്രീ മിഷന്റെ ഹെഡ് ഓഫീസിൽ നിന്നും എല്ലാ CDS കൾക്കും അടിയന്തിരമായി അറിയിപ്പ് കത്ത് നൽകും. ടി കത്തിന്റെ പകർപ്പ് ചീഫ് സേഫ്റ്റി കമ്മിഷണർക്ക് ലഭ്യമാക്കും.
2. ടി കത്ത് കിട്ടുന്ന മുറയ്ക്ക് അയൽക്കൂട്ട മീറ്റിംഗുകളിൽ അടിയന്തിരമായി ബോധവ്തകരണ ക്ലാസ്സുകൾ നടത്തുന്നതിന് വേണ്ടി കെ.എസ്.ഇ.ബി.യിലെ എല്ലാ സേഫ്റ്റി ഒഫീസർമാരും അതാത് CDS കളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമെന്ന് ചീഫ് സേഫ്റ്റി കമ്മിഷണർ ഉറപ്പു നൽകി.

യോഗ നടപടികൾ ഉച്ചയ്ക്ക് 12.00 മണിക്ക് അവസാനിച്ചു.

ചീഫ് സേഫ്റ്റി കമ്മീഷണർ